ആത്മകഥ

ടി.കെ ആലുവ

# കനൽപഥങ്ങളിൽ കാലിടറാതെ



ദക്ഷിണ കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശബ്ദമെത്തിച്ച കരുത്തുറ്റ നേതാക്കളിൽ ഒരാളാണ് ടി.കെ മുഹമ്മദ് ആലുവ. ജീവിതാന്ത്യം വരെ ഇസ്‌ലാമിക പ്രസ്ഥാനമാർഗത്തിലെ മുന്നണിപ്പോരാളിയായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര പ്രതിനിധിസഭയിലും ദീർഘകാലം കേരള കൂടിയാലോചനാസമിതിയിലും അംഗമായിരുന്നു.

തായിക്കാട്ടുകര മോഡൽ ഓർഫനേജ്, ദാറുസ്സലാം അറഫ മസ്ജിദ്, എറണാകുളം ഇസ്‌ലാമിക് സെന്റർ, എറണാകുളം മദീനാ മസ്ജിദ്, മൂവാറ്റുപ്പുഴ മദ്റസത്തുൽ ബനാത്ത്, മന്നം വിമൻസ് ഇസ്‌ലാമിയാ കോളേജ്, ആലുവ അസ്ഹറുൽ ഉലൂം ഇസ്‌ലാമിക് കോംപ്ലക്സ് തുടങ്ങിയ സ്ഥാപനങ്ങളെല്ലാം ടി.കെ മുൻകൈയെടുത്തും സഹകരിച്ചും സ്ഥാപിച്ചവയാണ്.

അരനൂറ്റാണ്ട് കാലം ധീരോദാത്തമായ പ്രവർത്തനം കാഴ്ചവെച്ച അദ്ദേഹം 2006 ഏപ്രിൽ 8-ന് ഈ ലോകത്തോട് വിടപറഞ്ഞു. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളെ മുഖ്യാവലംബമാക്കി തയാറാക്കിയ ആത്മകഥയാണിത്. ബന്ധുക്കളുടെയും സഹപ്രവർത്തകരുടെയും വിവരണങ്ങളും സഹായകമായിട്ടുണ്ട്. അരനൂറ്റാണ്ട് കാലത്തെ മധ്യ-ദക്ഷിണ കേരളത്തിന്റെ ചരിത്രവും ഇതിൽ ഇതൾ വിരിയുന്നു.

തയാറാക്കിയത്: **റഷാദ് ആലുവ**

### ജനനവും കുട്ടിക്കാലവും

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ ചൂർണിക്കര പഞ്ചായത്തിലെ തായിക്കാട്ടുകരയിലാണ് എന്റെ ജനനം. ആലുവയെ തഴുകിത്തലോടി ഒഴുകുന്ന പെരിയാറിൽനിന്നും നിരന്തരം വിരുന്നെത്തുന്ന ഇളംതെന്നലേറ്റ്, ആനന്ദനിർവൃതിയിൽ മുഴുകിക്കഴിയുന്ന ഒരു ഗ്രാമമാണ് തായിക്കാട്ടുകര. ആ ഗ്രാമവാസികളിലൊരാളായി, കൃത്യമായി പറഞ്ഞാൽ 1926 മാർച്ച് 26നാണ് ഞാൻ പിറന്നത്. 'തച്ചവള്ളത്ത്' എന്നായിരുന്നു വീട്ടുപേര്. ഒരു ദരിദ്ര കുടുംബമായിരുന്നു എന്റേത്. ആർക്കും വലിയ വിദ്യാഭ്യാസമൊന്നുമില്ല. പിതാവ് തച്ചവള്ളത്ത് കുഞ്ഞമ്മരക്കാർ മകൻ കൊച്ചു. മാതാവ് കരിപ്പായി ബീരാവു മകൾ കൊച്ചുബീപാത്തു. സഹോദരീ സഹോദരന്മാരടക്കം ഒമ്പത് പേരായിരുന്നു ഞങ്ങൾ. അതിൽ ഏറ്റവും ഇളയ ആളാണ് ഞാൻ.

ചെങ്കല്ലു വെട്ടലാണ് ബാപ്പക്ക് ജോലി. കാസർകോട്, ചങ്ങനാശ്ശേരി എന്നീ വിദൂര സ്ഥലങ്ങളിൽ വരെ കല്ലുവെട്ടാൻ പോയിട്ടുണ്ട്. എനിക്ക് ഓർമവരുന്ന കാലത്ത് തായിക്കാട്ടുകരക്കടുത്ത കുന്നത്തേരിയിലാണ് കല്ലുവെട്ട്. വൈകുന്നേരമാകുമ്പോൾ രണ്ടു ചെങ്കല്ല് തലയിലേറ്റി കൊണ്ടുവന്ന് വിൽക്കും. അത് വിറ്റാൽ കിട്ടുന്ന വിലയോ? അന്നത്തെ തിരുവിതാംകൂർ നാണയമായ ഒരു ചക്രം. ഒരു

ഉറുപ്പികക്ക് ഇരുപത്തിയെട്ടര ചക്രമാണ് അന്നത്തെ മൂല്യം. ബാപ്പയുടെ ശരീരം നിറയെ ചെങ്കൽമടയിലെ പൊടിയുണ്ടാകും. നേരെ തെരീക്കടവിൽ (ഇന്നത്തെ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പിനടുത്തുള്ള പുഴക്കടവ്) പോയി കുളിച്ച് ചന്തയിലേക്ക് നടക്കും. ഒരു കവുങ്ങിൻ പാളയിൽ മീനും ഉപ്പും മുളകും കുറച്ച് മരച്ചീനി പുഴുങ്ങിയതും വാങ്ങി പൊതികൾ രണ്ടാം മുണ്ടിൽ കെട്ടി തോളത്തിട്ടുകൊണ്ടുവരും. ബാപ്പയുടെ വരവും കാത്ത് ചെറിയ മക്കളായ ഞങ്ങൾ വീട്ടുപടിക്കൽ കാത്തുനിൽക്കുന്നുണ്ടാകും. വിശപ്പിന്റെ കാഠിന്യം കൊണ്ട് ദൂരെ നിന്നുതന്നെ മരച്ചീനി പുഴുങ്ങിയതിന്റെ വാസന തിരിച്ചറിയാൻ കഴിയും. വാപ്പ വീട്ടിലെത്തിയാൽ ഇളയവനായ എന്റെ കൈയിലാണ് ആദ്യം പൊതിതരിക. അതിൽനിന്നും അൽപം ഞാൻ അടർത്തി എടുത്തതിനു ശേഷം ഉമ്മ എല്ലാവർക്കും പങ്കുവെച്ചു നൽകും.



**സി.കെ അബ്ദുൽ ഖാദർ**

**ഇ.എം.എസ്, ശങ്കരനാരായണൻ തമ്പി, സി.കെ കുഞ്ഞൻ, ആർ. സുഗതൻ, ടി.വി തോമസ്, കെ.സി ജോർജ്, കുമാരപണിക്കർ, കെ.സി മാത്യു, സി.കെ അബ്ദുൽ ഖാദർ തുടങ്ങിയ മിക്ക നേതാക്കളും ഒളിവിൽ പാർത്തിരുന്നത് മഞ്ഞുമ്മൽ ക്രിസ്ത്യൻ പള്ളിയുടെ പരിസരത്തും ചേരാനല്ലൂരുമായിരുന്നു. ഒളിവിൽ പാർക്കുന്നവരും ജനങ്ങളുമായുള്ള ആശയവിനിമയത്തിലെ ഇടക്കണ്ണിയായിരുന്നു ഞാൻ.**

കൊയ്ത്തുകാലമായാൽ ഉമ്മ പാടത്ത് കൊയ്യാൻ പോകുമായിരുന്നു. കൂലിയായി കിട്ടുന്ന നെല്ല് ഓട്ടുകലത്തിലിട്ട് വറുത്ത് ഉരലിലിട്ട് കുത്തി അരിയാക്കി കഞ്ഞിവെക്കും. അപൂർവമായി മാത്രം കിട്ടിയിരുന്ന ഈ ഭക്ഷണത്തിന്റെ രുചി ഒരിക്കലും മറക്കുകയില്ല.

### ഓത്തുപള്ളിയിൽ

മുസ്‌ലിം സമുദായത്തിൽ സ്കൂളിൽ പോയി വിദ്യ അഭ്യസിക്കുന്നവർ അന്ന് വളരെ കുറവാണ്. രക്ഷിതാക്കൾ കുട്ടികളെ ഓത്തുപള്ളിയിലേക്കാണ് പഠിക്കാനായി പറഞ്ഞയക്കുക. തായിക്കാട്ടുകര പള്ളിപറമ്പിന്റെ പടിഞ്ഞാറ് തെക്കേ മൂലയിൽ താമസിക്കുന്ന മൈനൂട്ടി മൊല്ലാക്കയുടെ വീട്ടിലാണ് എന്നെ ഓത്ത് പഠിക്കാനാക്കിയത്. ഓത്തുപലക പ്രത്യേകതരം മണ്ണു കൊണ്ട് മെഴുകി ഉണക്കിയെടുത്ത് ഉണ്ടാക്കിയതാണ്. അരി വറുത്തെടുത്ത് കരിച്ച് കലക്കിയാണ് മഷിയുണ്ടാക്കുക. മുളയുടെ കമ്പ് ചെത്തി കൂർപ്പിച്ചതാണ് 'ഖലം' (പേന).

പാഠ്യപദ്ധതി ആരംഭിക്കുന്നത് ഇപ്രകാരമായിരുന്നു. പാഠം ഒന്ന്: അലിഫിന് 'ആ' (اَ). പാഠം രണ്ട്: അലിഫിന് 'ഈ' (اِ). പാഠം മൂന്ന്: അലിഫിന് 'ഊ' (اُ). അങ്ങനെ കുറേകാലം മൈനൂട്ടി മൊല്ലാക്കയുടെ വീട്ടിൽ ഓത്ത് തുടർന്നു. അക്ഷരങ്ങൾ വായിക്കാൻ പഠിച്ചു. കൂടാതെ യാസീനും ചെറിയ സൂറത്തുകളും മനഃപാഠമാക്കി.

പിന്നീട് കൊച്ചു ചെറുക്കൻ മൊല്ലാക്കയുടെ വീട്ടിലാണ് ഓതാൻ ആക്കിയത്. കുറച്ചുകാലം അവിടെ പഠിച്ചു. എം. എം അബ്ദുൽ ഖാദർ എന്നയാളുടെ വീട്ടിൽ ശംസുദ്ദീൻ മുസ്‌ലിയാർ അക്കാലത്ത് ഓത്ത് പഠിപ്പിക്കുന്നുണ്ടായിരുന്നു. അവിടെയും കുറച്ചുനാൾ ഓതി. ഈ കാലമത്രയും ഓതാൻ പോയിട്ട് യാസീനും മുഹ്‌യിദ്ദീൻ മാലയും ബദ്‌രിയത്തും അതോടൊപ്പം ഖുർആൻ കഷ്ടിച്ച് വായിക്കാനും മാത്രമാണ് പഠിച്ചത്.

### ഓത്തുകള്ളൻ

ആദ്യനാളുകളിൽ ഓതാൻ പോകാൻ വലിയ മടിയായിരുന്നു. പോകാതിരുന്നാൽ ഉമ്മ നിർബന്ധിച്ച് പിടിച്ചുവലിച്ച് കൊണ്ടുപോയി ഓത്തുപള്ളിയിലാക്കും. തുടർച്ചയായി മുടക്കം വരുത്തിയാൽ ശിക്ഷ കടുത്തതാണ്. സഹപാഠികളായ കുട്ടികളെയെല്ലാം വീട്ടിൽ കൊണ്ടുവന്ന് വരിവരിയായി നിർത്തും. തേങ്ങാ ചിരട്ട വള്ളിയിൽ കോർത്ത് മാലയാക്കി അത് കഴുത്തിൽകെട്ടി ഓത്തുപള്ളിയിലേക്ക് നടക്കാൻ പറയും. കുട്ടികളെല്ലാം കൈകൊട്ടി ഓത്തുകള്ളൻ എന്ന് ആർത്തുവിളിച്ച് പരിഹസിച്ചു പിന്നാലെ നടക്കും. ഈ നാണക്കേടോർത്ത് ഓതാൻ പോകാൻ ആരും മടികാണിക്കാറില്ല.

### ചുമട്ടുതൊഴിൽ

വീട്ടിലെ കടുത്ത ദാരിദ്ര്യം മൂലം ഓത്തുനിർത്തി. വയസ് ഏകദേശം പതിനൊന്ന് ആയിട്ടുണ്ട്. എന്തെങ്കിലും ജോലിക്ക് പോകണം. എങ്കിലേ വീട്ടിലെ ഇല്ലായ്മകൾക്ക് അറുതിവരൂ. കമ്പനിപ്പടിയിലെ ഓട്ടുകമ്പനിയിൽ ഓടു ചുമക്കുന്ന ജോലിയുണ്ടെന്ന് അറിഞ്ഞു. വീട്ടിൽ നിന്നും അൽപം അകലെ താമസിക്കുന്ന അമ്മാവനായ അഹ്മദ് മാമയെ കണ്ട് എങ്ങനെയെങ്കിലും ആ ജോലി നേടണമെന്ന ആഗ്രഹവുമായി അങ്ങോട്ട് തിരിച്ചു.

വലിയ രണ്ടുനില മാളികയും അതിന് മുന്നിൽ ഒരു ചായക്കടയുമാണ് അവിടെയുള്ളത്. കമ്പനിയിലെ നൊച്ചിമ സ്വദേശികളായ ചുമട്ടുതൊഴിലാളികൾ ചായക്കടയിലിരുന്ന് ചായ കുടിക്കുന്നുണ്ടായിരുന്നു. ഒരു ഭാഗത്ത് അഹ്മദ് മാമ കസേരയിൽ ചാരിക്കിടക്കുന്നുണ്ട്. ഞാനുടനെ അദ്ദേഹത്തിന്റെ അടുത്തെത്തി, എനിക്ക് ഓട് ചുമക്കുന്ന ജോലി വേണമെന്ന് ആവശ്യപ്പെട്ടു. "നീയെന്ത് ജോലി ചെയ്യാനാടാ. ഉം സാരമില്ല. എടാ പരീക്കുട്ടി, ഇവൻ ജോലി ചോദിക്കുന്നെടാ, ഇവനെയും കൂടി നീ ജോലിക്ക് കൊണ്ടുപോകണം"- എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. പിന്നീട് എന്നെ വിളിച്ച് ചായക്കടയിലിരുത്തി. ചായയും ഒരു ചില്ല് പുട്ടും ഒരു കാശിന് കടലയും തന്നു. അത് കഴിച്ചുകഴിഞ്ഞപ്പോൾ ആളിക്കത്തിയിരുന്ന വിശപ്പടങ്ങി. അൽപസമയം കഴിഞ്ഞ് ജോലിക്കാരോടൊപ്പം ഞാനും കമ്പനിയിലെത്തി. എല്ലാവരും ഇരുപത് ഓട് വീതമാണ് തലച്ചുമടായി എടുക്കുന്നത്. ചെറിയ കുട്ടിയായ എനിക്ക് അഞ്ച് ഓടുവീതം തലയിൽ വെച്ചുതന്നു. പഴയ തുണി ചുരുട്ടി തലയിൽ വെച്ചിരുന്നെങ്കിലും ഉച്ചവരെ ചുമടെടുത്തപ്പോഴേക്കും കഴുത്തിൽ നീരുകെട്ടി. അതു കാര്യമാക്കാതെ വൈകുന്നേരം വരെ ജോലി ചെയ്തു.

അത് നാലു ദിവസം തുടർന്നു. ശനിയാഴ്ച ആദ്യത്തെ കൂലി കിട്ടി. ദിനം പ്രതി ഒന്നേകാൽ അണവീതം. മറ്റുള്ളവർക്ക് അഞ്ച് അണ വീതമായിരുന്നു കൂലി. ഒരണക്ക് 12 കാശ്, 16 അണക്ക് ഒരു രൂപ എന്നിങ്ങനെയാണ് വിനിമയമൂല്യം. രൂപ അന്ന് ബ്രിട്ടീഷ് നാണയമാണ്. തിരുവിതാംകൂറിന്റെ നാണയം ചക്രമാണ്. ഒരു

ചക്രം കൊടുത്താൽ 7 കാശ് കിട്ടും. കാൽചക്രം, അരചക്രം, ഒരു ചക്രം, നാലു ചക്രം. ഇതിൽ കവിഞ്ഞ് തിരുവിതാംകൂറിന് വേറെ നാണയമില്ല.

എന്റെ ജ്യേഷ്ഠസഹോദരന് ഓട്ടുകമ്പനിയിൽ ഓടിന്റെ അരിക് മുറിക്കുന്ന ജോലിയാണ്. അന്നത്തെക്കാലത്ത് നിലവാരമുള്ള ജോലിയായിരുന്നു അത്. അതിനാൽ തന്റെ അനുജൻ ഓടുചുമക്കാൻ വരുന്നത് ജ്യേഷ്ഠന് അൽപം കുറച്ചിലായാണ് അനുഭവപ്പെട്ടത്. അതുകൊണ്ട് മേലിൽ ഓടുചുമക്കാൻ വരരുതെന്ന്എന്നെ വിലക്കി. ഞാൻ ആ പണി വേണ്ടെന്ന് വെക്കുകയും ചെയ്തു.

### ശാദുലീ ബൈത്ത്

എന്റെ ജ്യേഷ്ഠസഹോദരൻ ബീരാക്ക ബൈത്ത് പഠിപ്പിക്കുന്ന ആശാനായിരുന്നു. അക്കാലത്ത് വിവാഹം നടക്കുന്ന വീടുകളിൽ ബൈത്തു പാടുന്ന



ടി.കെ ആലുവ – ഒരു പഴയ ചിത്രം

**സി.കെ പിന്മാറിയതോടെ ഞാനും കെ.ബി ഹൈദ്രോസും മോസ്കോ മൗലവിയും പാർട്ടിരംഗത്ത് നിശ്ചലരായി. അതുവരെ രാജവാഴ്ചക്കെതിരെ പ്രസംഗിക്കുകയും പ്രകടനം നടത്തുകയും വിപ്ലവം നയിക്കുകയും ചെയ്തിരുന്ന ഞങ്ങൾ സി.കെയുടെ രാജിയോടെ പ്രവർത്തനരംഗത്ത് നിന്ന് പിന്നോട്ടടിക്കുകയാണുണ്ടായത്.**

പാർട്ടിയെ ക്ഷണിക്കുന്നത് പ്രതാപത്തിന്റെ ലക്ഷണമാണ്. കല്യാണത്തിന്റെ തലേദിവസം ബൈത്തുകാരുടെ ഒരു മത്സരം തന്നെ നടക്കും. കല്യാണ ദിവസം പുതിയാപ്പിള പെണ്ണിന്റെ വീട്ടിലേക്ക് പുറപ്പെടുന്നതിനു മുമ്പ് പുതിയാപ്പിളയുടെ 'മുഖപ്പണി' (ക്ഷൗരം ചെയ്യൽ) പന്തലിൽ വെച്ചാണ് നടത്തുക. ഒസ്സാൻ (ക്ഷുരകൻ) വന്ന് പുതിയാപ്പിളയെ 'മുഖപ്പണിക്കിരുത്തട്ടെ' എന്ന് സദസ്സിനോട് അനുമതി ചോദിക്കും. അതോടെ ഒരു താലത്തിൽ ഒരിടങ്ങഴി അരി, ഒരു തേങ്ങ, ഒരു കോഴി, വെറ്റില, പുകയില ഇതെല്ലാം സദസ്സിലെത്തും. ഒസ്സാൻ കത്തിയെടുത്ത് പുതിയാപ്പിളയുടെ മുഖത്ത് വെക്കാൻ തുടങ്ങുന്നതോടെ ബൈത്തും ആരംഭിക്കും. ബൈത്തു ചൊല്ലിത്തീർന്നാലേ ഒസ്സാൻ മുഖപ്പണി നിർത്തൂ. ചിലപ്പോൾ മണിക്കൂറുകൾതന്നെ നീണ്ടുപോകും. ബൈത്തുകാർ തങ്ങൾ പഠിച്ച പാട്ടുകൾ എല്ലാം പാടിത്തീർക്കും. ബൈത്തുകാർ താളമൊപ്പിച്ച് പാടുന്ന ഈ പാട്ടുകൾക്ക് 'ശാദുലീ ബൈത്ത്' എന്നാണ് പറയുക.

ബൈത്തുകാരുടെ പാട്ടിനു ശേഷം പുതിയാപ്പിള കുളിച്ച് വിവാഹവസ്ത്രങ്ങളണിഞ്ഞ് നിക്കാഹിനിരിക്കും. നിക്കാഹിനുമുണ്ട് കുറെ നിബന്ധനകൾ. ആദ്യം വലിയപള്ളിയിലെ ഖത്വീബ് പുതിയാപ്പിളക്ക് ശഹാദത്ത് കലിമ ചൊല്ലിക്കൊടുക്കും. ശേഷം വിശുദ്ധ ഖുർആൻ 'ഖത്തം' തീർക്കും. അഥവാ സൂറത്തുൽ ബഖറയുടെ ആദ്യത്തെ ഏതാനും ആയത്തുകൾ ഓതും. പിന്നീട് അവസാന സൂറത്തും ഓതും. അതോടെ ഖുർആൻ ഖത്തം തീർന്നു! അതിനുശേഷമാണ് നിക്കാഹ്.

### പത്രവിതരണക്കാരൻ

കമ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ വേരുപിടിച്ചുവരുന്ന കാലം. കമ്യൂണിസ്റ്റ് നേതാവായിരുന്ന എൻ.കെ മാധവൻ ആലുവയിൽനിന്ന് പാർട്ടി പ്രചാരണത്തിനായി വ്യവസായമേഖലയായ ഏലൂരിലെ കുറ്റിക്കാട്ടുകരയിലെത്തി. അദ്ദേഹത്തിന്റെ മുൻപരിചയക്കാരനായിരുന്ന സി.കെ അബ്ദുൽ ഖാദറുമായി (എന്റെ ഭാര്യാ സഹോദരൻ) ബന്ധപ്പെട്ടു.അങ്ങനെ അവരിരുവരും പാർട്ടി പ്രചാരണത്തിനായി ഇറങ്ങി. പാർട്ടി പത്രങ്ങളായിരുന്ന *പൗരപ്രഭ*, *പൗരധ്വനി* എന്നീ ദിനപത്രങ്ങളുടെയും *ചിത്രോദയം* എന്ന മാസികയുടെയും ഏജൻസി സി.കെ ഏറ്റെടുത്തു. പക്ഷേ പത്രം വിതരണം ചെയ്യാൻ പറ്റിയ ആളില്ല. കായികാരോഗ്യം വേണം, സൈക്കിൾ ചവിട്ടാനറിയണം. അങ്ങനെയാണ് സി.കെ എന്നെ സമീപിക്കുന്നത്. പ്രത്യേകിച്ച് ജോലിയൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന സമയമായിരുന്നതിനാൽ വൈമനസ്യം കൂടാതെ ആ പണി ഏറ്റെടുത്തു.

### കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക്

ദിനപത്രമായ *പൗരധ്വനി*യുടെയും സായാഹ്ന പത്രമായ *പൗരപ്രഭ*യുടെയും വിതരണത്തിനായി എല്ലാ ദിവസവും തായിക്കാട്ടുകരയിൽനിന്ന് നിരവധി കിലോമീറ്റർ സൈക്കിൾ ചവിട്ടി ഏലൂർ വഴി മഞ്ഞുമ്മൽ ക്രിസ്ത്യൻ പള്ളി വരെ പോകും. ഈ പത്രങ്ങളുടെ വിതരണത്തിലൂടെ കുറ്റിക്കാട്ടുകര, ഏലൂർ, മഞ്ഞുമ്മൽ, ചേരാനല്ലൂർ എന്നിവിടങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് വേരോട്ടം ലഭിച്ചു. ഞാനും അതിൽ ആകൃഷ്ടനായി. പക്ഷേ അധികനാൾ പത്രവിതരണം മുന്നോട്ടു പോയില്ല. പണമടക്കാത്തതിന്റെ പേരിൽ പത്രവിതരണം നിലച്ചു. അതോടൊപ്പം എന്റെ ജോലിയും.

### ഫാക്ടിൽ

ഏലൂരിലെ ഫാക്ടി(FACT)ൽ ആളുകളെ ജോലിക്കെടുക്കുന്നു എന്നറിഞ്ഞു. ജോലി അത്യാവശ്യമുള്ള ഘട്ടമായിരുന്നതിനാൽ ഉടനെ അങ്ങോട്ട് തിരിച്ചു. അന്നത്തെ സമ്പ്രദായമനുസരിച്ച് ജോലിക്കാരെ തെരഞ്ഞെടുക്കുന്നത് വഴിയിൽ നിരനിരയായി നിർത്തിയാണ്. ഞാനും അവരോടൊപ്പം നിന്നു. മറ്റു പലരോടുമൊപ്പം എന്നെയും ജോലിക്കായി

തെരഞ്ഞെടുത്തു. വളഞ്ഞു പുളഞ്ഞ കമ്പി നിവർത്തുന്ന ജോലിയും മണ്ണ് മാറ്റാനും നിരത്താനും ഉപയോഗിക്കുന്ന കാറ്റർ പില്ലർ യന്ത്രത്തിൽ മണ്ണ് തുടക്കുന്ന ജോലിയുമായിരുന്നു എനിക്ക്. കൂലി എത്രയെന്ന് ഓർമയില്ല. അതിരാവിലെ എഴുന്നേറ്റ് ഏലൂരിലേക്ക് നടക്കും. വൈകുന്നേരം തിരിച്ച് വീട്ടിലേക്കും. കുറച്ചുനാൾ കഴിഞ്ഞ് ആ ജോലിയും വേണ്ടെന്നുവെച്ചു.

### പാർട്ടി പ്രവർത്തനം

ഏലൂർ കുറ്റിക്കാട്ടുകരയിൽ ഇന്ത്യൻ അലൂമിനിയം കമ്പനിയിൽ തൊഴിൽ സമരങ്ങൾ തുടങ്ങി. അതിന്റെ പ്രചാരണത്തിന് പാർട്ടി പ്രവർത്തകർ സജീവമായി രംഗത്തിറങ്ങി. വിവിധ സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. യോഗത്തിന് ആളുകളെ ക്ഷണിക്കാനുള്ള ചുമതല എനിക്കായിരുന്നു. മെഗാഫോണിലൂടെ വിളിച്ചുപറഞ്ഞുകൊണ്ട് കുറ്റിക്കാട്ടുകരയിൽനിന്ന് ആലുവ റെയിൽവേ സ്റ്റേഷൻ വരെ ഞാൻ നടക്കും.

അന്ന് ജെ.ടി കായനാട്ടാണ് ആലുവയിൽ അറിയപ്പെടുന്ന കമ്യൂണിസ്റ്റുകാരൻ. തായിക്കാട്ടുകരയിൽ സി.കെ അബ്ദുൽ ഖാദറിന്റെ നേതൃത്വത്തിൽ മിക്കവരും കമ്യൂണിസ്റ്റുകാരാണ്. അവിടെ ഒരു പാർട്ടി ഓഫീസ് വേണമെന്ന ചർച്ച വന്നു. കമ്പനിപ്പടി ജംഗ്ഷനിൽ അന്ന് ഒരു വാടക കെട്ടിടം മാത്രമേ ഉള്ളൂ. കൊച്ചിക്കാക്കായുടെ രണ്ടുനില മാളിക. അതിന്റെ താഴെ ഹമീദിന്റെ ചായക്കടയാണ്. മുകളിലെ ഒരു മുറി പാർട്ടിക്കുവേണ്ടി വാടകക്കെടുത്തു. അതിലാണ് എൻ.കെ മാധവന്റെ താമസം. സാമ്പത്തികമായി ഏറെ വിഷമതകൾ അനുഭവിക്കുന്ന കാലമാണ്. അദ്ദേഹത്തിന് വിശപ്പ് സഹിക്കാതെ വരുമ്പോൾ ബീരാവുക്കാക്കായുടെ കടയിൽനിന്ന് കപ്പക്കിഴങ്ങ് (മരച്ചീനി) വാങ്ങി അടിമക്കാക്കായുടെ ചായ അടുപ്പിലെ ചാരത്തിൽ പൂഴ്ത്തിവെച്ച് ചുട്ടെടുക്കും. അത് തിന്ന് കുറെ വെള്ളവും കുടിക്കും. അതാണ് അദ്ദേഹത്തിന്റെ ഭക്ഷണം.

അലൂമിനിയം കമ്പനിയിലെ തൊഴിലാളി സമരത്തിനും പാർട്ടിയുടെ പ്രചാരണത്തിനും വേണ്ടി ഒത്തിരി പോസ്റ്ററുകൾ എഴുതണം. ആ രംഗത്ത് മുൻപരിചയമൊന്നുമില്ല. മഷിക്കു വേണ്ടി നീലം വാങ്ങി കഞ്ഞിവെള്ളത്തിൽ കലക്കിയെടുത്ത്, പാടവരമ്പുകളിൽ കാണുന്ന കൈതച്ചെടിയുടെ വേര് ചതച്ചെടുത്ത് ബ്രഷാക്കി, പഴയ ന്യൂസ്പേപ്പറിൽ



ഇ. ബാലാനന്ദൻ



എൻ.കെ മാധവൻ

**എന്നെങ്കിലും ഒരുനാൾ എന്റെ ആഗ്രഹം പൂവണിയും എന്ന അതിയായ ആഗ്രഹത്തോടെ, ആത്മാർഥമായ പ്രാർഥനയോടെ, മറിച്ചൊന്നും പറയാതെ അവിടെനിന്ന് ഇറങ്ങിപ്പോന്നു. അധികം വൈകാതെ തന്നെ ആ പ്രാർഥനക്ക് ഉത്തരം ലഭിച്ചു. അതിന്റെ ഭാഗമായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്കുള്ള എന്റെ കടന്നുവരവും തുടർന്നുള്ള സേവന പ്രവർത്തനങ്ങളും.**

എഴുതി ഒട്ടിക്കും. ഭംഗിയൊന്നുമില്ലാത്ത വലിയ അക്ഷരങ്ങളിൽ എഴുതിയ ആ വരികളായിരുന്നു അന്നത്തെ പോസ്റ്ററുകൾ.

പോളിറ്റ് ബ്യൂറോ മെമ്പറും എം.പിയുമായിരുന്ന ഇ. ബാലാനന്ദൻ അന്ന് അലൂമിനിയം ഫാക്ടറിയിലെ ഇലക്ട്രീഷ്യനാണ്. കമ്പനിയുടെ അടുത്തുതന്നെയാണ് അദ്ദേഹത്തിന്റെ താമസവും. അതിനാൽതന്നെ സമരവുമായി ബന്ധപ്പെട്ട വാൾപോസ്റ്ററുകൾ എഴുതി അദ്ദേഹത്തിനെത്തിക്കുകയാണ് പതിവ്. അദ്ദേഹം അത് വിവിധ സ്ഥലങ്ങളിൽ പതിക്കും.

വിശപ്പ് സഹിക്കാതെ വരുമ്പോൾ കിട്ടുന്ന ഏതു ജോലിക്കും പോകുമായിരുന്നു. ഒരിക്കൽ കെ.എസ്.ആർ.ടി.സി ഗ്യാരേജിൽ പെയിന്റിംഗിന് ആളെ ആവശ്യമുണ്ടെന്നറിഞ്ഞു. ചെന്നു നോക്കുമ്പോഴാണ് അറിഞ്ഞത്, ഗ്യാരേജിലെ ഇരുമ്പ് ഷെഡിന്റെ 35 അടി ഉയരത്തിൽ കയറി ആംഗ്ലയറിൽ കൂടി നടുഭാഗത്തെത്തിയാണ് പെയിന്റടിക്കേണ്ടത്. താഴെ വീണാൽ ചിതറിപ്പോകും. തുടക്കത്തിൽ അൽപം ഭയം തോന്നിയെങ്കിലും പട്ടിണി ഓർത്ത് സ്വന്തം ജീവൻ മറന്ന് പെയിന്റടിച്ചു.

അതിനുശേഷം മൂന്നാറിൽ ഇലക്ട്രിക് ടവർ പെയിന്റ് ചെയ്യാൻ പോയി. വാളറ ആനക്കാട്ടിലാണ് താമസം. കാട്ടാനകളുടെയും വന്യജീവികളുടെയും വിഹാരകേന്ദ്രമാണവിടം. എപ്പോഴാണ് അവ ഇറങ്ങിവരിക എന്നറിയില്ല. എങ്കിലും ജീവൻ പണയംവെച്ച് ദിവസങ്ങൾകൊണ്ട് പെയിന്റിംഗ് പൂർത്തിയാക്കി.

### പുന്നപ്ര വയലാർ

തിരുവിതാംകൂർ രാജാക്കന്മാരുടെ പ്രധാനമന്ത്രിമാർ 'ദിവാൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്നത്തെ ദിവാനായിരുന്ന സർ സി.പി രാമസ്വാമി അയ്യർ 1946 ജനുവരി 16ന് ഒരു ഭരണപരിഷ്കാരം പ്രഖ്യാപിച്ചു. ഈ ഭരണപരിഷ്കാരം 'അമേരിക്കൻ മോഡൽ' എന്ന പേരിലാണ് അറിയപ്പെട്ടത്. ഈ പരിഷ്കാരത്തിലൂടെ ദിവാന്റെ കാലാവധി അഞ്ചു വർഷത്തേക്കുകൂടി നീട്ടി. ദിവാന്റെ ഏകാധിപത്യത്തിനുള്ള ഉപായമായാണ് ജനങ്ങൾ ഇതിനെ കണ്ടത്. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ അതിനെതിരെ ശബ്ദമുയർത്തി. അവരെ അടിച്ചമർത്താൻ ഭരണകൂടം ഒരുമ്പെട്ടു.

സമരത്തിന്റെ ഭാഗമായി ആലപ്പുഴയിലെ എഴുപതിനായിരം തൊഴിലാളികൾ പണിമുടക്കാരംഭിച്ചു. 1946 ഒക്ടോബറിൽ പുന്നപ്രയിൽ പോലീസും തൊഴിലാളികളും തമ്മിൽ ഉഗ്രപോരാട്ടം നടന്നു. പോലീസ് വെടിവെപ്പിൽ ഇരുനൂറോളം പേർ കൊല്ലപ്പെട്ടു. വിവിധ സ്ഥലങ്ങളിൽ നടന്ന ചെറുത്തുനിൽപുകളിൽ ഏകദേശം ആയിരം പേർ കൊല്ലപ്പെടുകയുണ്ടായി.

### കമ്യൂണിസ്റ്റ് പാർട്ടി നിരോധം

പ്രക്ഷോഭത്തെത്തുടർന്ന് ഇടപ്പള്ളിയിലെ പോലീസ് സ്റ്റേഷൻ പാർട്ടി പ്രവർത്തകർ ആക്രമിച്ചു. അതോടെ അന്തരീക്ഷം വീണ്ടും കലുഷമായി. തിരുവിതാംകൂർ ദിവാൻ സർ സി.പി രാമസ്വാമി അയ്യർ കമ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു. അറസ്റ്റ് ഭയന്ന് നേതാക്കളിൽ അധികവും ഒളിവിലായി. ഇ.എം.എസ്, ശങ്കരനാരായണൻ തമ്പി, സി.കെ കുഞ്ഞൻ, ആർ. സുഗതൻ, ടി.വി തോമസ്, കെ.സി ജോർജ്, കുമാരപണിക്കർ, കെ.സി മാത്യു, സി.കെ അബ്ദുൽ ഖാദർ തുടങ്ങിയ മിക്ക നേതാക്കളും ഒളിവിൽ പാർത്തിരുന്നത് മഞ്ഞുമ്മൽ ക്രിസ്ത്യൻ പള്ളിയുടെ പരിസരത്തും ചേരാനല്ലൂരുമായിരുന്നു. ഒളിവിൽ പാർക്കുന്നവരും ജനങ്ങളുമായുള്ള ആശയവിനിമയത്തിലെ ഇടക്കണ്ണിയായിരുന്നു ഞാൻ. വളരെ തന്ത്രപൂർവം പോലീസിന്റെ കണ്ണു വെട്ടിച്ചാണ് രാത്രികാലങ്ങളിൽ അവരുടെ കത്തുകളും നിർദേശങ്ങളും കൈമാറിയിരുന്നത്. തായിക്കാട്ടുകരയിൽനിന്ന് മാറമ്പള്ളിയിലുള്ള കട്ടക്കയത്തിന്റെ റബർ തോട്ടത്തിലെത്തും. അവിടെ വെച്ചാണ് ഒളിവിലുള്ളവർ ക്ലാസ്സെടുക്കുന്നത്. അരിയും നെല്ലും കൊണ്ടുനടക്കാൻ കഴിയാത്ത കാലം. ഒളിവിൽ പാർക്കുന്നവർക്ക് എത്തിക്കാനുള്ളതാണെന്ന് പറഞ്ഞ് പോലീസ് പിന്നാലെ കൂടും. രാത്രികാലങ്ങളിൽ ഇറങ്ങിനടക്കുന്നവർ ഒളിവിൽ കഴിയുന്ന കമ്യൂണിസ്റ്റുകാരും അവരെ തെരഞ്ഞുനടക്കുന്ന പോലീസുകാരും മാത്രമാണ്. പരസ്പരം കണ്ടുമുട്ടുമ്പോൾ ഓടി രക്ഷപ്പെടുകയാണ് പതിവ്.

പാർട്ടിയെ നിരോധിച്ചതിനാൽ പ്രസ്സിൽനിന്ന് നോട്ടീസ് അടിച്ചു കിട്ടുകയില്ല. എന്നാൽ ആലുവയിലെ അറിയപ്പെടുന്ന കമ്യൂണിസ്റ്റുകാരനായ ജെ.ടി കായനാട്ടിന്റെ അടുത്ത് കൊണ്ടുനടക്കാവുന്ന ഒരു പ്രസ്സുണ്ട്. അതുമായി ഞങ്ങൾ വെള്ളപ്പാറപ്പള്ളിക്കുന്നിൽ പോയി മെഴുകുതിരി കത്തിച്ചുവെച്ച് ടൈപ്പു നിരത്തി നോട്ടീസടിക്കും. അന്നു രാത്രിതന്നെ അവ കടകളുടെ മുമ്പിൽ വിതറും. ചിലയിടങ്ങളിൽ ചെങ്കൊടി നാട്ടും. പ്രവർത്തിക്കാനുള്ള ആവേശവും പാർട്ടിയോടുള്ള പ്രതിപത്തിയും കാരണം അതിനൊന്നും തീരെ ഭയം തോന്നിയിരുന്നില്ല.

സ്വാതി തിരുന്നാൾ സംഗീത അക്കാദമിയിൽ നടന്ന ഒരു ചടങ്ങിൽ കേരള സോഷ്യലിസ്റ്റ് പാർട്ടി (കെ.എസ്.പി) പ്രവർത്തകനായ കെ.സി.എസ് മണി, സി.പി(കെ. ചിദംബരം സുബ്രഹ്മണ്യ അയ്യർ)യെ വധിക്കാൻ ശ്രമിച്ചു. അദ്ദേഹം കൃത്യസമയത്ത് ഒഴിഞ്ഞുമാറിയതിനാൽ പരിക്കുകളോടെ രക്ഷപ്പെട്ടു. വധോദ്യമത്തിൽനിന്ന് തലനാരിഴക്ക് രക്ഷപ്പെട്ട ദിവാൻ അപമാനിതനായി ഉടനെ നാടുവിട്ടു, പിന്നീട് തിരിച്ചുവന്നതുമില്ല.



മുഹ്‌യിദ്ദീൻ ആലുവായി, ഇബ്‌റാഹീം സുലൈമാൻ സേട്ട് എന്നിവർക്കൊപ്പം

### നിരോധം പിൻവലിക്കുന്നു

സർ സി.പി രാമസ്വാമി അയ്യർ നാടുവിട്ടശേഷം തിരുവിതാംകൂറിൽ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഒരു ഇടക്കാല മന്ത്രിസഭയുണ്ടാക്കി. കമ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധം പിൻവലിക്കുകയും ചെയ്തു. അതോടെ ഒളിവിലും ജയിലിലും കഴിഞ്ഞിരുന്ന എല്ലാ നേതാക്കളും പുറത്തുവന്നു.

പാർട്ടിരംഗത്ത് സജീവ സാന്നിധ്യമായിരുന്ന സി.കെ അബ്ദുൽ ഖാദർ, കുടുംബഭാരം സഹിക്കാതായപ്പോൾ കുടുംബത്തെ സംരക്ഷിക്കാൻ പാർട്ടിയിൽനിന്ന് രാജിവെച്ചു. സി.കെ പിന്മാറിയതോടെ ഞാനും കെ.ബി ഹൈദ്രോസും മോസ്കോ മൗലവിയും പാർട്ടിരംഗത്ത് നിശ്ചലരായി. അതുവരെ രാജവാഴ്ചക്കെതിരെ പ്രസംഗിക്കുകയും പ്രകടനം നടത്തുകയും വിപ്ലവം നയിക്കുകയും ചെയ്തിരുന്ന ഞങ്ങൾ സി.കെയുടെ രാജിയോടെ പ്രവർത്തനരംഗത്ത് നിന്ന് പിന്നോട്ടടിക്കുകയാണുണ്ടായത്.

### ആദ്യമായി സ്റ്റേജിൽ

ജീവിതത്തിൽ ആദ്യമായി സ്റ്റേജിൽ കയറുന്നത് 1946ൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ജന്മദിനാഘോഷ പരിപാടിയിലാണ്. സ്റ്റാന്റേർഡ് പോട്ടറി സ്കൂളിൽ (ഇന്നത്തെ എസ്.പി.ഡബ്ലി.യു.എച്ച്.എസ്) ചേർന്ന യോഗത്തിൽ പങ്കെടുക്കാനാണ് ഞാനവിടെ എത്തിയത്. സ്റ്റാന്റേർഡ് സ്കൂളിലെ അറബി ടീച്ചറായിരുന്ന സൈതു മുഹമ്മദ് മുൻഷി എന്നോട് അൽപം പ്രസംഗിക്കാൻ ആവശ്യപ്പെട്ടു. ആദ്യം മടിച്ചുനിന്നെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ നിർബന്ധത്തിന് വഴങ്ങി പ്രസംഗപീഠത്തിൽ കയറി. എങ്ങനെ തുടങ്ങണമെന്നറിയില്ല. എന്താണ് പറയേണ്ടതെന്നുമറിയില്ല. മുട്ടുകൾ കൂട്ടിയിടിക്കുന്നുണ്ട്. അൽപം ആലോചിച്ചതിനു ശേഷം പ്രസംഗം ആരംഭിച്ചു. അന്നത്തെ ദിവാൻ സി.പിയെ വിമർശിച്ചുകൊണ്ടാണ് പ്രസംഗിച്ചുതുടങ്ങിയത്. രാജാവ് നല്ലവനാണെന്നും പ്രജകളിൽനിന്ന് രാജാവിന് അകറ്റുന്നത് വിദേശിയായ ദിവാനാണെന്നും സ്ഥാപിക്കാനാണ് ശ്രമിച്ചത്.

മനസ്സിൽ അതുവരെ അണകെട്ടി നിന്ന വികാരങ്ങളാണ് അറിഞ്ഞോ അറിയാതെയോ അവിടെ പൊട്ടിയൊഴുകിയത്. പലരുടെയും മുഖങ്ങൾ കറുത്തിരുളുന്നത് കാണാമായിരുന്നു. വെറുപ്പും

പേടിയും അവരുടെ മുഖത്ത് നിഴലിക്കുന്നുണ്ടായിരുന്നു. കാരണം സി.പിയെ വിമർശിക്കുന്നവർക്ക് ജയിലാണ് അന്ന് ശിക്ഷ. എന്നാൽ സംഘാടകർ 'ഒരു നിരക്ഷരന്റെ അറിവില്ലായ്മ'യായി കരുതി തള്ളിക്കളയഞ്ഞതുകൊണ്ട് ഇരുമ്പഴികളിൽനിന്ന് രക്ഷപ്പെട്ടു.

## കൂടുതൽ പഠിച്ചാൽ വഴിപിഴക്കും

ആലുവ കെ.എസ്.ആർ.ടി.സി ഗ്യാരേജിനടുത്ത ഫോസ്റ്റ് ഇന്റസ്ട്രീസിൽ (എഫ്.ഐ.ടി) ജോലി ചെയ്യുന്നു. വിജ്ഞാനതൃഷ്ണ ശമിക്കാത്തകാലം. പകൽ ജോലിക്കു പോകും. രാത്രി പള്ളിയിൽ പോയി കിതാബ് ഓതും. കുഞ്ഞുണ്ണിക്കരയിലെ മുഹമ്മദ് മുസ്‌ലിയാരാണ് ഉസ്താദ്. അദ്ദേഹത്തിൽനിന്ന് അറബി വ്യാകരണ ഗ്രന്ഥങ്ങളായ *മീസാൻ*, *അജ്നാസ്*, *സൻജാൻ* എന്നീ കിതാബുകൾ ഓതി. വിശുദ്ധ ഖുർആൻ അർഥവും വിശദീകരണവും സഹിതം പഠിക്കാനുള്ള ആഗ്രഹം മനസ്സിൽ കൊണ്ടുനടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഉസ്താദ് മുഹമ്മദ് മുസ്‌ലിയാരുടെ അടുക്കൽ ഞാൻ ഈ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: “വേണ്ട... വലിയ കിതാബുകൾ ഓതി കൂടുതൽ പഠിച്ചാൽ വഴിപിഴച്ചുപോകും. പോരെങ്കിൽ നീ വഹാബിയല്ലേ?” അദ്ദേഹത്തിന്റെ വാക്കുകൾ മനസ്സിനെ വളരെയേറെ വേദനിപ്പിച്ചു (കരുണാവാരിധിയായ നാഥൻ അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ). എന്നെങ്കിലും ഒരുനാൾ എന്റെ ആഗ്രഹം പൂവണിയും എന്ന അതിയായ ആഗ്രഹത്തോടെ, ആത്മാർഥമായ പ്രാർഥനയോടെ, മറിച്ചൊന്നും പറയാതെ അവിടെനിന്ന് ഇറങ്ങിപ്പോന്നു. അധികം വൈകാതെ തന്നെ ആ പ്രാർഥനക്ക് ഉത്തരം ലഭിച്ചു. അതിന്റെ ഭാഗമായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്കുള്ള എന്റെ കടന്നുവരവും തുടർന്നുള്ള സേവന പ്രവർത്തനങ്ങളും.

## ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക്

1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി. അതോടെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം നിലച്ച മട്ടായി. പ്രവർത്തന വാഞ്ഛ ശേഷിക്കുന്നു. പക്ഷേ പ്രവർത്തിക്കാൻ രംഗമില്ല. എന്തു ചെയ്യും?

അക്കാലത്ത് ഒരിക്കൽ ഒരു നോട്ടീസ് കാണാനിടയായി. 'ഇസ്‌ലാമിക പ്രസംഗ പരമ്പര. ആലുവ ഇസ്‌ലാമിക് മദ്റസാ അങ്കണത്തിൽ'. ഇസ്‌ലാമിനെക്കുറിച്ചുള്ള 'വഅ്ളു'കളാണ് ഇതുവരെ കേട്ടിട്ടുള്ളത്. ഇസ്‌ലാമിനെക്കുറിച്ച് പ്രസംഗിക്കുന്നതെങ്ങനെ? ഏതായാലും കേൾക്കാൻ തന്നെ തീരുമാനിച്ചു. കെ.പി.സി.സി മുൻ പ്രസിഡന്റ് ടി.ഒ ബാവയും കൂട്ടുകാരുമാണ് സംഘാടകർ. കൃത്യസമയത്തുതന്നെ ഞാനും കെ.ബി ഹൈദ്രോസും കെ.കെ ഹസൈനാരും മോസ്കോ മൗലവി(അബ്ദുൽ ഖാദർ)യും അവിടെ എത്തി. നല്ല പ്രസംഗം. മതത്തെക്കുറിച്ച് നീട്ടിവലിക്കാതെ പ്രസംഗിച്ചു കേട്ടത് അദ്യമായിട്ടാണ്. അതിൽ ആകൃഷ്ടരായി തുടർ പ്രഭാഷണങ്ങളും കേൾക്കാൻ ഞങ്ങൾ പോയിരുന്നു. കെ.കെ.എം ജമാലുദ്ദീൻ മൗലവിയും ഇസ്ഹാഖ് മൗലവിയുമായിരുന്നു പ്രസംഗകർ. കമ്യൂണിസ്റ്റുകാരായ ഞങ്ങളെ ടി.ഒ ബാവക്ക് നന്നായി ഇഷ്ടപ്പെട്ടു.

പ്രസംഗ പരമ്പര കഴിഞ്ഞതോടെ വഹാബിവിരുദ്ധ 'വഅ്ളു'കൾ നാടാകെ പടർന്നു. അപ്പോഴാണ് ഞങ്ങൾ കേട്ട പ്രസംഗപരമ്പര വഹാബികളുടേതാണെന്ന് മനസ്സിലായത്. വഹാബി പ്രസ്ഥാനത്തിന്റെ സ്ഥാപകനായ മുഹമ്മദ്ബ്നു അബ്ദുൽ വഹാബ്, മുഹ്‌യിദ്ദീൻ ശൈഖിന് അമാനുഷിക കഴിവില്ലെന്ന് വിശദീകരിച്ച് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഊന്നിനിന്നിരുന്ന വടി ആസനത്തിലൂടെ തുളച്ചുകയറി തലയിൽ കൂടി പുറത്തുചാടിയെന്നും അതിനാൽ ഇവർ വടിവിഴുങ്ങികളാണെന്നും അത് അല്ലാഹുവിന്റെ ശിക്ഷയാണെന്നുമാണ് വഹാബികൾക്കെതിരെ അവർ പ്രസംഗിച്ചുകൊണ്ടിരുന്നത്.

ഈ വിഡ്ഢിത്തം കൂടി കേട്ടപ്പോൾ ഞങ്ങൾക്ക് കൂടുതൽ ആവേശമായി. ചിന്തകൾക്ക് തീ പിടിച്ചു. ആ തീപ്പൊരി പതുക്കെ ആളിക്കത്തി. മതത്തെ പൂർണമായിത്തന്നെ നിഷേധിക്കുന്ന കമ്യൂണിസ്റ്റുകാരെ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല. മുഹ്‌യിദ്ദീൻ ശൈഖിന് അമാനുഷിക ശക്തിയില്ലെന്ന് പറയുന്നയാളെ ഈ രീതിയിൽ ശിക്ഷിക്കുകയോ? മുഹ്‌യിദ്ദീൻ ശൈഖിന് അല്ലാഹുവിനേക്കാൾ വലിയ സ്ഥാനമോ? ചിന്ത ഉണർന്നു. അന്ന് വഹാബികൾ എന്ന് പറയുന്നവർക്ക് സംഘടനയില്ല. ഒറ്റപ്പെട്ട് പഠിക്കാനേ തരമുള്ളൂ. അതീവ താൽപര്യത്തോടെ പഠനം തുടർന്നു. അതൊരു മാറ്റത്തിന്റെ തുടക്കമായിരുന്നു.

(തുടരും)